## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **20** 09.06.2014-ൽ മറുപടിക്ക്

### സേവനാവകാശ നിയമം കാര്യക്ഷമമാക്കുന്നതിന്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറയം ഗോപകുമാർ** | **ശ്രീ. ഉമ്മൻചാണ്ടി**<br>**മുഖ്യമന്ത്രി** |
| (എ) സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ള സേവനാവകാശ നിയമം കാര്യക്ഷമമാക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ; | (എ) കേരള സംസ്ഥാന സേവനാവകാശ ആക്ട്, 2012, 3-ാം വകുപ്പ് പ്രകാരം ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലേയ്ക്കും, കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങൾ ചട്ടം 6 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളുടെയും / സ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡിൽ, സേവനാവകാശ ആക്ടിന്റെ പരിധിയിൽ വരുന്ന സേവനങ്ങൾ, നിശ്ചിത സമയപരിധി, നിയുക്ത ഉദ്യോഗസ്ഥൻ, ഒന്നും രണ്ടും അപ്പീൽ അധികാരികൾ എന്നിവയും ഓരോ സേവനവും ലഭിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളെപ്പറ്റിയുള്ള വിവരവും, പ്രസ്തുത ചട്ടങ്ങളുടെ അനുബന്ധമായ ഫോറങ്ങളും എഴുതി പ്രദർശിപ്പിക്കുന്നതിനും, സേവനാവകാശ നിയമവും ചട്ടങ്ങളും കർശനമായി പാലിക്കുന്നതിനും എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിലേയ്ക്ക് പരിശോധനാ സംഘത്തെ നിയോഗിച്ചി |

| | |
|---|---|
| | ട്ടുണ്ട്. ജീവനക്കാർക്ക് ഐ.എം.ജി., കില എന്നിവ മുഖേന പരിശീലനം നൽകുന്നുണ്ട്. നിയമത്തിന്റെ പ്രചാരണത്തിനായി കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നതിനും പത്രങ്ങൾ, ദൃശ്യ ശ്രാവ്യ മാധ്യമങ്ങൾ എന്നിവയിൽ പരസ്യങ്ങൾ നൽകുന്നതിനും സാമൂഹ്യ സാംസ്ക്കാരിക പൊതുസംഘടനകളെക്കൊണ്ട് ചർച്ചകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമം പൊതു സമൂഹത്തിന് പരമാവധി സഹായകമാക്കുവാൻ വേണ്ടി ഇതുമായി ബന്ധപ്പെട്ട് ഒരു നിരീക്ഷണ സംവിധാനം ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) ഇത്തരമൊരു നിരീക്ഷണ സംവിധാനം ക്രമീകരിക്കുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ